പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1585 | 31.01.2018 ൽ മറുപടിയ്ക്ക്

## തെങ്ങുകൃഷിയുടെ വിസ്തൃതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ഏകദേശം എത്ര തെങ്ങുകൾ അവശേഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | എ) സാമ്പത്തിക സ്ഥിതിവിവര വകുപ്പ് പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം 2016-17 വർഷത്തിൽ കേരളത്തിൽ 7,81,496 ഹെക്ടറിൽ നാളികേര കൃഷി നിലവിലുണ്ടായിരുന്നു. തെങ്ങുകളുടെ സാന്ദ്രതയുടെ സംസ്ഥാന ശരാശരി ഒരു ഹെക്ടറിന് 215 ആണ്. അപ്രകാരം കണക്കാക്കുമ്പോൾ 16,80,21,640 തെങ്ങുകൾ അവശേഷിക്കുന്നുണ്ട്. |
| ബി) ഈ തെങ്ങുകളിൽ നിന്ന് എത്ര നാളികേരം ഉൽപ്പാദിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | ബി) സാമ്പത്തിക സ്ഥിതിവിവര വകുപ്പ് പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം 2016-17 വർഷത്തിൽ കേരളത്തിൽ 5384 ദശലക്ഷം നാളികേരം ഉല്പാദിപ്പിച്ചിട്ടുണ്ട് എന്ന് കണക്കാക്കുന്നു. |
| സി) 45 വർഷം മുമ്പ് ഇന്ത്യയിൽ എത്ര ഹെക്ടർ തെങ്ങ് കൃഷി ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ; | സി) കേന്ദ്ര കൃഷി മന്ത്രാലയത്തിൻ കീഴിലുള്ള അഗ്രിക്കൾച്ചർ & കോ-ഓപ്പറേഷൻ വകുപ്പിന്റെ ഹോർട്ടിക്കൾച്ചർ ഡിവിഷൻ പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം 1973-74- ൽ ഇന്ത്യയിൽ 11,02,000 ഹെക്ടറിൽ തെങ്ങ് കൃഷി ഉണ്ടായിരുന്നു. |
| ഡി) ഇതിൽ എത്ര ഹെക്ടർ കേരളത്തിലായിരുന്നുവെന്ന് വ്യക്തമാക്കാമോ; | ഡി) ബ്യൂറോ ഓഫ് എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിച്ച Season and Crop report for Kerala State 1974-75 പ്രകാരം 1973-74 കാലഘട്ടത്തിൽ കേരളത്തിൽ 7,44,828 ഹെക്ടർ കേരകൃഷി ഉണ്ടായിരുന്നു. |

| | | | |
|---|---|---|---|
| ഇ) | ഇപ്പോൾ ഇന്ത്യയിലേയും കേരളത്തിലേയും തെങ്ങുകൃഷിയുടെ വിസ്തൃതി എത്രയാണെന്ന് വ്യക്തമാക്കാമോ? | ഇ) | കേന്ദ്ര കൃഷി മന്ത്രാലയത്തിൻ കീഴിലുള്ള അഗ്രിക്കൾച്ചർ & കോ-ഓപ്പറേഷൻ വകുപ്പിന്റെ ഹോർട്ടിക്കൾച്ചർ ഡിവിഷൻ പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം 2015-16 ൽ ഇന്ത്യയിൽ 20,88,470 ഹെക്ടറിൽ നാളികേര കൃഷി ഉണ്ടായിരുന്നു. 2016-17 ലെ കണക്കുകൾ പ്രസിദ്ധീകരിച്ചിട്ടില്ല.<br>സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിതി വിവര കണക്കുകൾ പ്രകാരം കേരളത്തിൽ 2015-16 ൽ 7,90,223 ഹെക്ടറിലും 2016-17 ൽ 7,81,496 ഹെക്ടറിലും നാളികേരകൃഷി ഉണ്ടായിരുന്നു. |

Mayap

**സെക്ഷൻ ഓഫീസർ**